പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 41

12.6.2012 ൽ
മറുപടിയ്ക്ക്

സ്മാർട്ട്സിറ്റി - നിർമ്മാണ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എഫ്. തോമസ് ;<br>ശ്രീ. റ്റി.യു. കുരുവിള ;<br>ശ്രീ. തോമസ് ഉണ്ണിയാടൻ ;<br>ശ്രീ. മോൻസ് ജോസഫ് ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| എ) സ്മാർട്ട് സിറ്റിയുടെ നിർമ്മാണ പുരോഗതിയെക്കുറിച്ച് വിശദമാക്കാമോ ; | എ) സ്മാർട്ട് സിറ്റി പ്രദേശത്ത് 10900 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സെയിൽസ് പവലിയന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ Conceptual Master plan തയ്യാറായി കഴിഞ്ഞു. മാസ്റ്റർ പ്ലാൻ അനുസരിച്ച് സെസ്സ് അനുമതി ലഭിച്ച ഭൂമിയിൽ 3.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. |
| ബി) നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ? | ബി) സ്മാർട്ട്സിറ്റിയുടെ ഉടമസ്ഥത, നടത്തിപ്പ്, വികസനം എന്നിവ സർക്കാരിന് കൂടി പങ്കാളിത്തമുള്ള സ്മാർട്ട്സിറ്റി (കൊച്ചി) ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഈ കമ്പനിയുടെ ഡയറക്ടർ ബോർഡ് യോഗത്തിലാണ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദവിവരങ്ങൾ തീരുമാനിക്കപ്പെടുന്നത്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വേണ്ട നടപടികൾ ഡയറക്ടർ ബോർഡ് കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ